ദേശീയ ഗെയിംസ് ഉദ്ഘാടന ചടങ്ങ്-കരിമരുന്ന് പ്രയോഗം

280 (286) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് ഉദ്ഘാടന ചടങ്ങിൽ കരിമരുന്ന് പ്രയോഗിക്കാൻ തീരുമാനം എടുത്തത് ഏത് തലത്തിലാണ്; ഇതിനായി എസ്റ്റിമേറ്റ് ചെയ്ത തുക എത്ര; ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പിലാക്കിയത്; ഏജൻസിയെ കണ്ടെത്തിയത് ഏത് നടപടി ക്രമത്തിലൂടെയാണ് ;

(ബി) ഇതിനായി ചെലവായ തുക എത്ര; തീരുമാനിച്ചതനുസരിച്ചുള്ള കരിമരുന്ന പ്രയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയത് ഏതു രീതിയിലായിരുന്നു; ഇതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരായിരുന്നു ;

(സി) കരിമരുന്നു പ്രയോഗവുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന അഴിമതി ആരോപണം സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ദേശീയ ഗെയിംസ് ഉദ്ഘാടന-സമാപന ചടങ്ങുകളിൽ പൈറോടെക്നിക് എന്ന ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കരിമരുന്ന് ഡിസ്പ്ലേ നടത്താൻ ദേശീയ ഗെയിംസ് സെറിമണീസ് കമ്മിറ്റിയുടെ ശിപാർശപ്രകാരം പർച്ചേസ് കമ്മിറ്റിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും തീരുമാനമെടുത്തു. 1.20 കോടി രൂപ വകയിരുത്തിയിരുന്നു. ടെണ്ടർ നടപടിയിലൂടെ ഫെറീസ് വീൽ എന്റർടെയിന്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി മുഖേനയാണ് ഇത് നടപ്പാക്കിയത്.

(ബി) സ.ഉ (സാധാ) നമ്പർ 163/13/കാ.യു.വ., തീയതി 3-9-2013 പ്രകാരം ഉദ്ഘാടന-സമാപന ചടങ്ങുകൾക്ക് 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 1.25 കോടി രൂപയ്ക്കാണ് കരാർ നൽകിയത്. തുക നൽകി വരുന്നതേയുള്ളൂ. ഉദ്ഘാടന-സമാപന ചടങ്ങുകളുടെ ക്രിയേറ്റീവ് ഡയറക്ടറായ ശ്രീ. ടി. കെ. രാജീവ് കുമാർ സാക്ഷ്യപ്പെടുത്തുന്നതിനനുസരിച്ചാണ് തുക നൽകുന്നത്.

(സി) 35-ാം ദേശീയ ഗെയിംസിന്റെ കണക്കുകൾ ആഡിറ്റ് നടത്തി റിപ്പോർട്ട് നൽകുന്നതിനായി സംസ്ഥാന ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly